# S.S.L.C. EXAMINATION, MARCH - 2016.

## BIOLOGY

(Malayalam)

Time : 1½ Hours Total Score : 40

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിട്ട് കൂൾ ഓഫ് സമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
- ചോയ്സ് ചോദ്യങ്ങളിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരമെഴുതിയാൽ മതി.
- ഓരോ ചോദ്യങ്ങൾക്കുമുള്ള സ്കോർ അതോടൊപ്പം നൽകിയിരിക്കുന്നു.

Score

1. പദ ജോഡി ബന്ധം മനസ്സിലാക്കി വിട്ടഭാഗം പൂരിപ്പിക്കുക : 2

(a) ആവേഗങ്ങളുടെ പുനഃപ്രസരണം : തലാമസ്

________ : ഹൈപ്പോതലാമസ്

(b) പീഡിയാട്രിക്സ് : ശിശുരോഗ ചികിത്സ

________ : ഹൃദയ ചികിത്സ

2. ഒറ്റപ്പെട്ടത് കണ്ടെത്തുക. മറ്റുള്ളവയുടെ പൊതുസ്വഭാവം വിശദമാക്കുക. 3


(a) ഡെൻഡ്രൈറ്റ്, അസറ്റൈൽ കൊളിൻ, ആക്സോൺ, സിനാപ്റ്റിക് നോബ്

(b) പെൽവിസ്, പിരമിഡ്, ന്യൂറോൺ, നെഫ്രോൺ

(c) ഓപ്പിയം, മോർഫിൻ, കൊക്കൈൻ, നിക്കോട്ടിൻ

Score

3. ചിത്രം നിരീക്ഷിക്കുക. 3




(a) തന്നിരിക്കുന്ന ചിത്രം തിരിച്ചറിയുക

(b) രക്തക്കുഴലുകളുടെ വലുപ്പ വ്യത്യാസം രക്തപ്രവാഹത്തെ എങ്ങനെ സ്വാധീനിക്കുന്നു?

(c) A എന്ന ഭാഗത്ത് നടക്കുന്ന പ്രക്രിയ എന്ത് ?

(d) ഇതിന്റെ ഫലമായുണ്ടാകുന്ന ദ്രാവകമേത് ?


4. സസ്യ ഹോർമോണുകളും അവയുടെ സ്രോതസ്സും ധർമ്മവും നൽകിയിരിക്കുന്ന പട്ടിക പരിശോധിച്ച് ശരിയായ രീതിയിൽ ക്രമീകരിക്കുക. 3

(സൂചന: B,C എന്നീ കോളങ്ങളിൽ നിന്ന് ആവശ്യമില്ലാത്തവ ഒഴിവാക്കുക.)

| A ഹോർമോൺ | B സ്രോതസ്സ് | C ധർമ്മം |
|---|---|---|
| (i) ഓക്സിൻ | (1) വേരുകൾ | (a) ഫലങ്ങൾ കൊഴിയുന്നു |
| (ii) എഥിലിൻ | (2) മൂത്ത ഇലകൾ | (b) പെൺപൂക്കളുടെ ഉൽപ്പാദനം |
| (iii) അബ്സിസിക് ആസിഡ് | (3) തളിരിലകൾ | (c) ഇലകൾ വിരിയൽ |
| | (4) കാണ്ഡാഗ്രം | (d) ഇലകൾ മൂപ്പെത്തൽ |

**Score**

**5.** ഹൈപ്പോ തലാമസിന് ഒരു അന്തഃസ്രാവി ഗ്രന്ഥിയുമായുള്ള ബന്ധം കാണിക്കുന്ന ചിത്രമാണ് താഴെക്കൊടുത്തിരിക്കുന്നത്. **4**




(a) ഇതിൽ ഉൾപ്പെടുന്ന, X എന്ന് അടയാളപ്പെടുത്തിയ ഭാഗത്തിലെ അന്തഃസ്രാവി ഗ്രന്ഥി ഏത്?

(b) A -യിലും B -യിലും ഉൽപ്പാദിപ്പിക്കുന്ന ഹോർമോണുകൾ ഏവ?

(c) B -യിൽ ഉൽപ്പാദിപ്പിക്കുന്ന ഹോർമോണുകളുടെ ധർമ്മം എന്ത്?

**6.** താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതാണ് അൽഷൈമർ രോഗവുമായി ബന്ധപ്പെട്ടിരിക്കുന്നത് ? ഈ രോഗത്തിന്റെ പ്രധാന ലക്ഷണം എന്ത് ? **2**

(a) പ്രത്യേകയിനം ഗാംഗ്ലിയോണുകളുടെ നാശം

(b) നാഡീകലകളിൽ അടിഞ്ഞുകൂടുന്ന അലേയമായ പ്ലേക്

(c) തലച്ചോറിലെ വൈദ്യുത തരംഗങ്ങൾക്കുണ്ടാകുന്ന ക്രമരാഹിത്യം

**7.** വാലില്ലാത്ത പല്ലിയുടെ മുട്ടകളിൽ നിന്ന് വാലുള്ള പല്ലിക്കുഞ്ഞുങ്ങൾ ഉണ്ടായി. ലാമാർക്കിന്റെ സിദ്ധാന്തത്തെ ആസ്പദമാക്കി നിങ്ങളുടെ വിശദീകരണം എഴുതുക. **2**

**8.** മുറിവേറ്റ ഭാഗത്തെ കോശങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന രാസവസ്തുക്കൾ രക്തത്തിന്റെ ഒഴുക്ക് ക്രമാനുഗതമായി നിർത്താൻ സഹായിക്കുന്നതെങ്ങനെയെന്ന് ഒരു ഫ്ലോ ചാർട്ടിലൂടെ വ്യക്തമാക്കുക. **2**

Score

9. 'മസ്തിഷ്ക മരണം സംഭവിച്ച ഒരു കുട്ടിയുടെ അവയവങ്ങൾ മൂന്ന് മനുഷ്യരുടെ ജീവൻ രക്ഷിച്ചു' ഇത് ഒരു പത്രവാർത്തയാണ്. ഇതിനോടുള്ള നിങ്ങളുടെ പ്രതികരണമെന്താണ്? വിശദമാക്കുക. 2

**അല്ലെങ്കിൽ**

മറ്റു കുട്ടികൾക്ക് രോഗപ്പകർച്ച ഉണ്ടാകുമെന്ന് കരുതി, HIV ബാധിതനായ ബാലന് സ്കൂളിൽ പ്രവേശനം നിഷേധിച്ചു. സ്കൂൾ അധികൃതരുടെ ഈ പ്രവർത്തിയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കാരണം വിശദമാക്കുക.

10. ബോക്സിൽ നല്കിയിട്ടുള്ള ജീവികളുടെ പേരുകൾ നിരീക്ഷിക്കുക 2

| |
|---|
| കുരങ്ങ്, മനുഷ്യൻ, ലിമർ |
| ഗിബ്ബൺ, ഗൊറില്ല, ചിമ്പാൻസി |
| ഒറാങ്ങ് ഉട്ടാൻ |

മുകളിൽ തന്നിരിക്കുന്ന ബോക്സിൽ നിന്നും പ്രൈമേറ്റുകളുടെ വംശാവലിയിൽ മനുഷ്യനുമായി അടുത്ത് ബന്ധമുള്ള ജീവികളെ തെരഞ്ഞെടുത്ത് ഒരു ശ്രേണി വരയ്ക്കുക.

11. താഴെക്കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ ഏത് തരം നാഡീ വ്യവസ്ഥയുടെ നിയന്ത്രണത്തിലാണെന്ന് വേർതിരിച്ച് ഉചിതമായ തലക്കെട്ടോടെ പട്ടികപ്പെടുത്തുക. 2

(a) പൂവിന്റെ മണം തിരിച്ചറിയുന്നു.

(b) അടിയന്തരഘട്ടങ്ങളിൽ തീരുമാനമെടുക്കുന്നു.

(c) പ്രതിസന്ധി ഘട്ടങ്ങളിൽ ഹൃദയ സ്പന്ദന നിരക്ക് കൂടുന്നു.

(d) ആപൽഘട്ടം തരണം ചെയ്യുമ്പോൾ ഹോർമോൺ ഉൽപാദനം കുറയുന്നു.

Score

12. 'കറുത്ത മാതാപിതാക്കൾക്ക് വെളുത്ത കുട്ടി' ഒരു പത്ര വാർത്തയുടെ തലക്കെട്ടാണിത്. 3

(a) ഇങ്ങനെ സംഭവിക്കുമോ?

(b) ഇത്തരം വ്യതിയാനങ്ങൾക്ക് ഊനഭംഗവുമായി ബന്ധപ്പെടുത്തി കാരണങ്ങൾ കണ്ടെത്തുക.

**അല്ലെങ്കിൽ**


മഞ്ഞ നിറമുള്ള ഉരുണ്ട വിത്തുകളും (YYRR) പച്ച നിറമുള്ള ചുളുങ്ങിയ വിത്തുകളും ഉള്ള (yyrr) രണ്ട് പയർ ചെടികളെ തമ്മിൽ പരപരാഗണത്തിന് വിധേയമാക്കി $F_1$ തലമുറയും പിന്നീട് $F_2$ തലമുറയും ഉൽപ്പാദിപ്പിച്ചു.

(a) $F_1$ തലമുറയിലെ സസ്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ബീജ കോശങ്ങൾ പ്രതീകങ്ങൾ ഉപയോഗിച്ച് സൂചിപ്പിക്കുക.

(b) $F_2$ തലമുറയിൽ എത്ര തരത്തിലുള്ള സന്താനങ്ങൾ ഉണ്ടാകുന്നു? ഇവയിൽ പുതിയ ഇനങ്ങൾ ഏവ?

(c) മെൻഡലിന്റെ പാരമ്പര്യ നിയമത്തെ അടിസ്ഥാനമാക്കി ഈ പ്രതിഭാസം വിശദീകരിക്കുക.

13. തിരുവനന്തപുരം ജില്ലയിൽ 2014 -ലെ പനിബാധിതരുടെ വിവരണം വ്യക്തമാക്കുന്ന ഗ്രാഫ് നിരീക്ഷിക്കുക. 4




(a) ഏത് തരം രോഗകാരിയാണ് ഏറ്റവും കൂടുതൽ ആളുകളെ ബാധിച്ചത്? രോഗത്തിന്റെ ലക്ഷണങ്ങൾ ഏവ?


Score

(b) ഈ രോഗ നിർമ്മാർജനത്തിനായി സ്വീകരിക്കാവുന്ന നടപടികൾ എന്ത് ?

(c) തന്നിരിക്കുന്ന മറ്റു രോഗങ്ങൾക്ക് കാരണമാകുന്ന രോഗകാരികൾ ഏവ ?


14. തന്നിരിക്കുന്ന നൈട്രജൻ ബേസുകളിൽ നിന്ന് ശരിയായവ തിരഞ്ഞെടുത്ത് വ്യത്യസ്ത ന്യൂക്ലിയോടൈഡുകൾ ഉള്ള DNA -യുടെ ചിത്രീകരണം പൂർത്തിയാക്കുക. (a), (b) എന്നിവയുടെ പേരെഴുതുക. 3

(നൈട്രജൻ ബേസുകൾ A, G, C, U, T)



Score

**15.** ചിത്രം പകർത്തി വരച്ച്, തന്നിട്ടുള്ള ധർമ്മങ്ങൾ നിർവഹിക്കുന്ന ഭാഗങ്ങളുടെ പേരെഴുതി അടയാളപ്പെടുത്തുക. **3**



(a) കണ്ണിലെ കലകൾക്ക് പോഷണവും ഓക്സിജനും നല്കുന്നു.

(b) കണ്ണിനുള്ളിൽ പ്രവേശിക്കുന്ന പ്രകാശത്തിന്റെ അളവ് നിയന്ത്രിക്കുന്നു.

-o0o-